LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കരയിൽ ഊർജ്ജ വകപ്പിന്റെ പ്രവൃത്തികൾ

97 (464) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ ഊർജ്ജ വകപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ നടപ്പിലാക്കുന്നതിന് വിനിയോഗിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പ്രവൃത്തി	കി.മീ./എണ്ണം	തുക (ലക്ഷത്തിൽ)
1.	11 കെ.വി. ലൈൻ നിർമ്മാണം	59.55 കി.മീ.	347.76
2.	ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	101 എണ്ണം	277.75
3.	എൽ.റ്റി. ലൈൻ നിർമ്മാണം	76.65 കി.മീ.	238.38
4.	സർവീസ് കണക്ഷൻ	8488 എണ്ണം	182.41

ആർ.ജി.ജി.വി.വൈ, ഡി.ഡി.യു.ജി.ജെ.വൈ., കെ.പി.ഐ.എസ്. എന്നീ പദ്ധതികളിലും ബോർഡിന്റെ തനതു ഫണ്ടിലൂടെയുമാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയത്.

പ്രസരണ വിഭാഗത്തിൽ 8.35 കി.മീ. 33 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ 33 കെ.വി. കറ്റാനം സബ്സ്റ്റേഷനിൽനിന്നും വലിച്ച്, വള്ളികുന്നം 33 കെ.വി. സബ്സ്റ്റേഷനിൽ എത്തിക്കുകയും അവിടെ ഒരു 5 എം.വി.എ. 33/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ച് രണ്ട് 11 കെ.വി. ഫീഡറുകൾ പ്രവർത്തന ക്ഷമമാക്കിയിട്ടുള്ളതും ആകുന്നു. ഇതിലേക്കായി 138.14 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്. കൂടാതെ ഈ സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുവാൻ വേണ്ടി ഒരു 5 എം.വി.എ. ട്രാൻസ്ഫോർമറും കൂടി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇടപ്പോൺ-കോഴഞ്ചേരി 66 കെ.വി.ഡി.സി. ലൈൻ 110 കെ.വി. ആയി ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

കറ്റാനം 33 കെ.വി. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ച് 66 കെ.വി. സബ്സ്റ്റേഷൻ ആക്കുന്ന പ്രവൃത്തിക്കും അതിനോടനുബന്ധിച്ചുള്ള 3 കി.മീ. 66 കെ.വി.ഡി.സി. ലൈൻ നിർമ്മാണത്തിനും 10.9 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതിയുടെ പ്രസരണ നഷ്ടം

98 (465) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) വൈദ്യുതി പ്രസരണ മേഖലയിലെ പ്രതിസന്ധികൾ എന്തെല്ലാം ;

(സി) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുവാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമോ ?

ഉത്തരം

(എ) പ്രസരണ നഷ്ടം കുറയ്ക്കാനായി നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ, പുതിയ സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം, നിലവിലുള്ള ലൈനുകളുടെ റീകണ്ടക്ടറിംഗ്, ലൈനിലേക്ക് ചാഞ്ഞുകിടക്കുന്ന മരക്കമ്പുകൾ മുറിച്ചുമാറ്റുക എന്നീ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

(ബി) ജനസാന്ദ്രതയേറിയ കേരളത്തിൽ സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതക്കുറവ്, സ്ഥലം ലഭ്യമാകുന്നതിനുള്ള കാലതാമസം, ഉയർന്ന വോൾട്ടേജിലുള്ള ലൈൻ വലിക്കുന്നതിന് ജനങ്ങളിൽ നിന്ന് ഉണ്ടാകുന്ന വ്യാപകമായ എതിർപ്പുകൾ, അതുമൂലം ഉണ്ടാകുന്ന കേസുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം, ലൈൻ വലിക്കുന്നതിന് ആവശ്യമായ 'Right of Way' ലഭ്യമാകുന്നതിനുള്ള പരിമിതികൾ തുടങ്ങിയവയാണ് വൈദ്യുതി പ്രസരണ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ.

(സി) ലഭ്യമായ എല്ലാ നൂതന സാങ്കേതിക വിദ്യകളും ഉപയോഗപ്പെടുത്തി പ്രസരണ നഷ്ടം കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly